**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5051 28/10/2016-ൽ മറുപടിയ്ക്ക്**

**പ്രീ-ഫാബ്രിക്കേറ്റഡ് വീട്ടുകൾ**

| **ചോദ്യം**<br>**ശ്രീ.പി.കെ.ബഷീർ** | | **മറുപടി**<br>**ശ്രീ.കെ.റ്റി. ജലീൽ**<br>**(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | നടപ്പുവർഷ ബജറ്റിൽ പ്രാദേശിക സർക്കാർ വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പരിപാടിയുടെ ഭാഗമായി പ്രീ ഫാബ്രിക്കേറ്റഡ് വീടുകൾ പ്രഖ്യാപിച്ചിരുന്നോ; | (എ) | സംസ്ഥാന ബഡ്ജറ്റ് 2016-12017 -ൽ പ്രീ ഫാബ്രിക്കേറ്റഡ് വീടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇത്തരം വീടുകളുടെ വിതരണത്തിന് ഏത് ഏജൻസിയേയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | ഭവന നിർമ്മാണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇത്തരം വീടുകളുടെ ഈട്, വില, ലഭ്യത എന്നിവ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) | കെട്ടിടനിർമ്മാണത്തിന് നൂതനമായ സങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിനാൽ ഈടു നിൽക്കുന്ന വീടുകളാവും ഇവ. നിർമ്മാണ രീതിക്ക് സിമന്റ്, മണൽ, കമ്പി, ചല്ലി എന്നിവയുടെ ഉപയോഗം കുറഞ്ഞരീതിയിൽ മതിയാകുന്നതാണ്. ചുമരുകൾ സിമന്റ് പൂശേണ്ട ആവശ്യം ഇല്ലാത്തതിനാലും തറയുടെയും സ്ലാബുകളുടെയും നിർമ്മാണത്തിന് GFRG (Glass Fiber Re-inforced Gypsum) പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതിനാലും ഇത്തരം വിടുകളുടെ നിർമ്മാണ ചെലവ് വളരെ കുറവാണ്.<br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയും ഇത്തരം വീടുകൾ നിർമ്മിക്കുന്നു. |

**സെക്ഷൻ ഓഫീസർ**